ESTD:1976

കാരവൽ

1196 വൃശ്ചികം 8, 1442 റ.ആഖിർ 7, 2020 നവംബർ 23 തിങ്കൾ

# ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യട്ടെ

**സ്വ**ർണ്ണക്കടത്തും മയക്കു മരുന്നിടപാടും വികസനത്തിന്റെ പേരിലുള്ള കൊള്ളയും കൈക്കൂലിയും പാലം വിഴുങ്ങലും ഭൂമാഫിയയും, സ്വർണ്ണ നിക്ഷേപത്തട്ടിപ്പും എല്ലാംകൂടി ചേർന്നു സംസ്ഥാനത്തെ രാഷ്ട്രീയ സാമൂഹ്യ മേഖല അസ്വസ്ഥമായിരിക്കുകയാണ്. എല്ലാം ശരിയാക്കുമെന്നു തീർത്തു പറഞ്ഞവർ ഇങ്ങനെയൊക്കെയാണോ ശരിപ്പെടുത്തലുകൾ നടത്തുന്നതെന്ന സംശയവും ബാക്കി നിൽക്കുന്നു. ഇതിനിടയിൽ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട നടപടികൾ പൂർത്തിയായി കഴിഞ്ഞു. ഇനി പ്രചരണത്തിന്റെ നാളുകളാണ്. കോവിഡ് എല്ലാത്തിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുപ്പു പ്രചരണവും അധികാരത്തിലേക്കുള്ള രാഷ്ട്രീയത്തിന്റെ പ്രയാണവും കോവിഡിന്റെ നിയന്ത്രണത്തിനു വിട്ടു കൊടുക്കാൻ രാഷ്ട്രീയം തയ്യാറാകുമെന്നു കരുതാനാവില്ല. എന്നാൽ അധികാരമുറപ്പിക്കാനുള്ള കടിഞ്ഞാണില്ലാത്ത ഓട്ടം കോവിഡിനെ വിസ്മരിച്ചു കൊണ്ടായിരിക്കരുതെന്ന് ആരോഗ്യ വകുപ്പും പൊലീസ് വിഭാഗവും ജില്ലാ അധികൃതരും ആവർത്തിച്ചു മുന്നറിയിക്കുന്നുണ്ട്.

എല്ലാവരുടെയും സുരക്ഷിതത്വത്തിനും നാടിന്റെ ഭദ്രതയ്ക്കും എല്ലാവരും ജാഗ്രത പാലിച്ചേ തീരൂ. തിരഞ്ഞെടുപ്പു കഴിഞ്ഞാലും ഇവിടെ മനുഷ്യർ വേണം.

അഴിമതി ആരോപണങ്ങൾക്കും നിയമ നിഷേധങ്ങൾക്കും എതിരായ ശക്തമായ അന്തരീക്ഷമാണ് തിരഞ്ഞെടുപ്പു പശ്ചാത്തലത്തിൽ സംസ്ഥാനത്തുള്ളത്. ഇതു തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുകയെങ്കിലും ചെയ്യുമോ എന്നു പറയാനാവാത്ത തരത്തിൽ അഴിമതി സർവ്വ വ്യാപിയാണെന്ന ധാരണ പരത്താനേ ഇതു സംബന്ധിച്ച നടപടികൾ ഇതുവരെ ഇടയാക്കിയിട്ടുള്ളൂ. രാവിലെ ഉണർന്നേഴുന്നേൽക്കുകയും പ്രാഥമിക കർമ്മങ്ങൾ അനുഷ്ഠിക്കുകയും ഉണ്ണുകയും ഉറങ്ങുകയുമൊക്കെ ചെയ്യുന്നതുപോലെ അഴിമതിയും നിയമലംഘനങ്ങളും ജീവിതത്തിന്റെ ഭാഗമാണെന്ന തെറ്റായ ധാരണ ഉണ്ടാക്കുന്നതു ജനദ്രോഹ നടപടിയായേ കാണാനാവൂ.

അധികാരത്തിന്റെ തണലിൽ മന്ത്രിമാരും മന്ത്രിമാരുടെ ഓഫീസും ജീവനക്കാരും ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ സാമൂഹ്യ തിന്മകളാണ് ഇപ്പോഴത്തെ സജീവ പ്രശ്നം. അതു പ്രശ്നമല്ലാതാവുക എന്നാൽ ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും താൽപ്പര്യം ഇല്ലാതാക്കുക എന്നാണ് അർത്ഥം. അതു സംഭവിച്ചുകൂടാത്തതാണ്.

എങ്കിലും ഇത്രയും ഗൗരവമായ പ്രശ്നം പഞ്ചായത്ത് തിരഞ്ഞെടുപ്പു വിഷയത്തിൽ നിന്ന് അകന്നിരിക്കുന്നു. സ്ഥാനാർത്ഥിയെ നിശ്ചയിച്ചതിലും സ്ഥാനാർത്ഥിത്വത്തിന് അർഹരായവർ അതിൽ നിന്ന് അവഗണിക്കപ്പെട്ടതിലുമുള്ള വികാരങ്ങളാണ് തിരഞ്ഞെടുപ്പിലെ ഇപ്പോഴത്തെ ഏറ്റവും വലിയ പ്രാദേശിക പ്രശ്നങ്ങൾ. തിരഞ്ഞെടുപ്പടുക്കുന്തോറും മറ്റു വിഷയങ്ങളെ പെരുപ്പിച്ചെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇത് രാഷ്ട്രീയ അഴിമതിയിലുമെത്തിയേക്കാമെന്നേയുള്ളൂ.

പ്രശ്നങ്ങളെ പ്രാദേശീയവൽക്കരിക്കുമ്പോൾ അതിന്റെ തീവ്രത അതേ ഗൗരവത്തിൽ ജനമനസ്സുകളിൽ ഇരമ്പിയെത്തുമെന്നു കരുതാനാവില്ല. അങ്ങനെ വരുന്നതും സ്ഥാപിത താൽപ്പര്യങ്ങൾക്കേ ഗുണം ചെയ്യൂ. അനുഭവങ്ങളിൽ നിന്ന് ആർജ്ജിച്ച സാമൂഹ്യ ബോധം പ്രകടിപ്പിക്കാൻ വ്യക്തികൾക്കു ലഭിക്കുന്ന അവസരമാണ് തിരഞ്ഞെടുപ്പ്. അതു അർത്ഥവത്തായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ വ്യക്തിക്കും സമൂഹത്തിനും മാത്രമല്ല, ഭാവി തലമുറക്കും മുതൽക്കൂട്ടായിരിക്കും. ഭാവി തലമുറയ്ക്കു കരുതി വയ്ക്കാൻ നന്മയുടെ കൈക്കുമ്പിളുകളുണ്ടെന്നു വിശ്വസിക്കുന്നവർ അത്തരത്തിലേ പ്രതികരിക്കാനിടയുള്ളൂ. ജീവിതം എത്രകാലമുണ്ടെന്ന് ആർക്കും മുൻകൂട്ടി തീർപ്പാക്കാനാവില്ല. ജീവിക്കുന്നകാലം മനുഷ്യനായി ജീവിക്കാനും അനന്തര തലമുറകൾക്കു നന്മയുടെ നറുതേൻ പകരാനും കഴിയുന്നതു വലിയ കർമ്മമാണ്. ആ വിശേഷ കർമ്മത്തിന്റെ കണ്ണികളാകാനുള്ള അവസരം അമൂല്യവുമാണ്.

## കേന്ദ്ര സർവകലാശാലയിൽ അവസാന റൗണ്ട് അഡ്മിഷൻ 27ന്

പെരിയ: കേരള കേന്ദ്ര സർവകലാശാലയിലെ വിവിധ ബിരുദാന്തര ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അവസാന റൗണ്ട് അഡ്മിഷൻ 27 ന് നടക്കും. മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഇ ഡബ്ല്യൂ എസ് വിഭാഗങ്ങളുടെ ഒഴിവുകൾ നാളെ നടക്കുന്ന അഡ്മിഷനിൽ പൂർത്തിയാക്കും. പട്ടികജാതി പട്ടിക വർഗ സംവരണ വിഭാഗങ്ങളുടെ അഡ്മിഷൻ ഒഴിവുകൾ നവംബർ 25, 27 തീയ്യതികളിൽ പരിഗണിക്കും.

പ്രവേശനം ആഗ്രഹിക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർഥികൾ എത്രയും പെട്ടെന്ന് ഓൺലൈനായി രജിസ്ട്രേഷൻ പൂർത്തിയാക്കണം. എം.എഡ്., എം.എ. കന്നഡ, എം.എസ്.സി. യോഗ തെറാപ്പി എന്നീ കോഴ്സുകൾക്ക് ഒഴിവുകൾ വന്ന സീറ്റുകൾ സ്പോട്ട് അഡ്മിഷൻ വഴി നടത്തും. അതിന്റെ തീയ്യതി പിന്നീട് വെബ്സൈറ്റ് വഴി അറിയിക്കും. ബന്ധപ്പെടേണ്ടുന്ന നമ്പറുകൾ: 04672309466 / 04672309467 / 04672309460 / 0467230488 / 04672309491.

---

തിങ്കൾക്കല

# നരകാഗ്നി ജ്വാല അടുത്തെത്തി!

**നാരായണൻ പേരിയ**

“മകൾക്ക് നല്ലൊരാലോചന വന്നിട്ടുണ്ട്”

സുഹൃത്തിനെ സന്തോഷ വാർത്ത അറിയിച്ചപ്പോൾ അയാൾക്കും വളരെ സന്തോഷം.

“എവിടെ നിന്നാണ്? പയ്യൻ എന്ത് ചെയ്യുന്നു? ഗൾഫിലാണോ?” അയാൾ ചോദിച്ചു. പെൺകുട്ടിയുടെ അച്ഛൻ സ്ഥലം പറഞ്ഞു; പയ്യന്റെ ജോലിയും. “ഗൾഫിലല്ല, നാട്ടിൽത്തന്നെ. ബാങ്കുദ്യോഗസ്ഥനാണ്- എസ് ബി ഐയിൽ” ഇത്രയും അറിഞ്ഞാൽ സുഹൃത്ത് സന്തോഷം പ്രകടിപ്പിക്കേണ്ടതാണ്. എന്നാൽ അതല്ല ഉണ്ടായത്. എന്തോ ഒരാപത്തിൽ ചാടാൻ പോകുന്നത് മാതിരി അയാൾ പറഞ്ഞു. “ബാങ്കിലോ, അയ്യോ, അത് വേണ്ടാ; നമുക്കത് ചേരില്ലാ ബാങ്കുദ്യോഗസ്ഥനുമായുള്ള ബന്ധം- അത് വേണ്ടാ. അറിഞ്ഞു കൊണ്ട് നരകത്തിൽ ചാടണോ?”- ഇങ്ങനെയൊരു സംഭാഷണം നടന്നു എന്ന് കേട്ടാൽ എന്ത് തോന്നും? ബാങ്കുദ്യോഗസ്ഥൻ അത്ര കൊള്ളരുതാത്തവനാണോ? അതും ഭാരത സർക്കാരിന്റെ ബാങ്കായ “സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ”യിൽ? അവിടെ ഒരോഫീസറുടെ ഉദ്യോഗം അഭികാര്യമായി കാണാത്തവരുണ്ടാകുമോ? ഉണ്ടാകും എന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. അഥവാ, അങ്ങനെ ചിന്തിക്കുന്നവരും ഉണ്ട് നമ്മുടെ നാട്ടിൽ; അതിന് അവരുടേതായ ന്യായവും ഉണ്ട്. ഇതാ, കേട്ടോളൂ ഒരു കഥ: സാധാരണയായി, വിവാഹാലോചനയിൽ പരിഗണനാ വിഷയമാകുന്ന നാല് കാര്യങ്ങളുണ്ടത്രേ. അത് വിശദീകരിക്കുന്ന ഒരു ശ്ലോകമുണ്ട് സംസ്കൃതത്തിൽ. കന്യകയുടെ ബന്ധുക്കൾ പയ്യന്റെ തറവാട്ട് മഹിമ അന്വേഷിക്കും. പിതാവ് അന്വേഷിക്കുക അയാളുടെ വീട്ടിന്റെ അവസ്ഥ എന്ത് എന്നായിരിക്കും; മാതാവ് അയാളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചായിരിക്കും അന്വേഷിക്കുക.പ്രിയപ്പെട്ട മകൾ ഭർത്തൃ ഗൃഹത്തിൽ കഷ്ടപ്പെടരുതല്ലോ- ഊണിനും ഉടുപ്പിനും ‘മുട്ട്’ വരാൻ പാടില്ല. എന്നാൽ കന്യകയ്ക്കു ഇതൊന്നുമല്ല അറിയേണ്ടത്: ആൾ കണ്ടാലെങ്ങനെ? സുന്ദരനല്ലേ?” രൂപമിച്ഛന്തി കന്യക” എന്ന് ശ്ലോകത്തിന്റെ നാലാം പാദം. പണ്ട് പണ്ട് അല്ല, ഇക്കാലത്തും അതൊക്കെത്തന്നെയാണ് ആലോചിക്കുക. പക്ഷേ, ഇവിടെ പറയുന്നത് ബാങ്കോഫീസറെ വർജ്ജിക്കണം എന്ന്! “നരകത്തീയിൽ എരിഞ്ഞൊടുങ്ങും ബാങ്ക് ജീവനക്കാരുമായി ബന്ധം സ്ഥാപിക്കുന്നവർ. ആ ഉദ്യോഗസ്ഥന്റെ കാര്യം പറയാനുമില്ല. “ദാറുൽ ഉലൂം” എന്ന മതസ്ഥാപനത്തിലെ പണ്ഡിതന്മാരുടെ കൽപ്പനയാണ് - “ഫത്ത്വ” അങ്ങ് ഉത്തർ പ്രദേശിലെ ഷഹാരൻപൂരിലെ മതപഠന സ്ഥാപനമാണ് ദാറുൽ ഉലൂം. ബാങ്ക് പണമിടപാടുകളിൽ പലിശ വാങ്ങുന്നു; കൊടുക്കുന്നു, വായ്പ കൊടുക്കുന്നത് പലിശയ്ക്ക്; നിക്ഷേപം സ്വീകരിക്കുന്നത് പലിശ കൊടുക്കും എന്ന് വാഗ്ദാനം ചെയ്തിട്ട്. രണ്ട് ഇടപാടിലും പലിശയുണ്ട്. പലിശ സത്യവിശ്വാസികൾക്ക് നിഷിദ്ധമാകുന്നു.“ഹറാം.” അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുടെ ജിഹ്വയിലൂടെ അല്ലാഹു അനുവദിച്ചിട്ടുള്ളത് മാത്രം “ഹലാൽ” (അനുവദനീയം എന്നർത്ഥം) നിരോധിച്ചത്, നിഷിദ്ധമാക്കിയത്, ഹറാം പലിശ ഹറാം ആണ് നിഷിദ്ധം. വായ്പയെടുക്കുന്നവർ ബാങ്കിന് നൽകുന്ന പലിശയും, പലിശ കിട്ടും എന്ന ഉറപ്പിൽ ബാങ്കിൽ നിക്ഷേപിക്കുന്ന പണവും ആണല്ലോ ബാങ്കിന്റെ വരുമാനം. ഈ പണമെടുത്താണ് ബാങ്ക് ജീവനക്കാർക്ക് വേതനം നൽകുന്നത്. അപ്പോൾ, ബാങ്കുകളിൽ ജോലി ചെയ്ത് വേതനം കൈപ്പറ്റുന്നവർ പലിശപ്പണത്തിന്റെ ഉപഭോക്താക്കളാണ്. പലിശ എന്ന നിഷ്ദ്ധ വസ്തുവിന്റെ പങ്ക് പറ്റി ഉപജീവിക്കുന്നവർ. പാപത്തിൽ പങ്കു പറ്റുന്നവർ പാപികൾ; നരകശിക്ഷ അർഹിക്കുന്നർ; ആ ഘോര ശിക്ഷയ്ക്ക് വിധേയരാകേണ്ടവർ- ഇങ്ങനെ പോകുന്നു ഫത്ത്വയുടെ വിശദീകരണങ്ങൾ. അതുകൊണ്ട്, സത്യ വിശ്വാസികൾ ബാങ്കുകളിൽ ജോലി ചെയ്യാൻ പാടില്ല. ബാങ്കുകളുമായോ, അതു പോലുള്ള ധനകാര്യ സ്ഥാപനങ്ങളുമായോ ഉള്ള എല്ലാവിധ ഇടപാടുകളും നിഷിദ്ധം; പാപം!

ഈ അനുശാസനത്തിന്റെ വ്യാപ്തി എവിടെ വരെയുണ്ട് എന്നറിയില്ല. നമ്മുടെ സംസ്ഥാനവും- കണ്ണൂർ, കാസർകോട് ജില്ലകളെങ്കിലും- ഈ അനുശാസനത്തിന്റെ പരിധിയിൽപ്പെട്ടിരുന്നെങ്കിലോ? അതിവിശിഷ്ട വ്യക്തികൾ(വി വി ഐ പി- വെരിവെരി ഇംപോർട്ടന്റ് പേഴ്സൺസ്) എന്ന് നാം ആദരിക്കുന്ന ചില നിയമസഭാ സാമാജികന്മാരും രാഷ്ട്രീയ നേതാക്കന്മാരും അതിഘോര നരക ശിക്ഷയ്ക്ക് വിധേയരാകേണ്ടി വന്നേനേ!

സ്വർണ്ണക്കട- ജ്വല്ലറി- എന്ന ബോർഡ് പുറത്ത്. അകത്ത് പണം ഇടപാട്. വലിയ പലിശ വാഗ്ദാനം ചെയ്ത് പ്രലോഭിപ്പിച്ച് നിക്ഷേപങ്ങൾ സ്വീകരിക്കും. കണ്ണൂർ പയ്യാമ്പലത്തെ ഭുവൻ രാജ് പലിശ മോഹിച്ച് നിക്ഷേപിച്ചത് ഇരുപത്തഞ്ച് ലക്ഷം രൂപ. പ്രതിമാസം ഇരുപത്തായിരം രൂപ വീതം പലിശ നൽകും എന്നായിരുന്നു വാഗ്ദാനം. കൊല്ലത്തിൽ മൂന്നു ലക്ഷം രൂപ കിട്ടും നിക്ഷേപം അവിടെ കിടക്കുന്ന കാലത്തോളം. ഒടുവിൽ, പിൻവലിക്കണം എന്ന് തോന്നുമ്പോൾ നിക്ഷേപത്തുകയും അങ്ങനെത്തന്നെ മടക്കിക്കിട്ടും! പക്ഷേ നിക്ഷേപകന് ഒന്നും കിട്ടിയില്ല. കിട്ടുമായിരിക്കും, നാളെ- അല്ലെങ്കിൽ മറ്റന്നാൾ. കുറച്ച് വൈകിയാലെന്താ ചേതം? ആ മാസത്തേയ്ക്കുള്ള പലിശയും അതിന്റെ പലിശയും കൂട്ടിച്ചേർത്ത് കിട്ടുമല്ലോ എന്ന് പ്രതീക്ഷിച്ചു. മതാധ്യക്ഷന്മാരും രാഷ്ട്രീയ നേതാക്കളും ആണല്ലോ സ്ഥാപനത്തിന്റെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തത്. സ്ഥാപനത്തെക്കുറിച്ച് വിശ്വാസം തോന്നാൻ ഇതും കാരണമായി, പക്ഷേ, അപ്പോളാണ് കേൾക്കുന്നത്, തന്നെപ്പോലെ ജ്വല്ലറിയിൽ പണം നിക്ഷേപിച്ച നിരവധി ആളുകളുണ്ട്, പലേടത്തും. ആർക്കും ഒന്നും കിട്ടിയിട്ടില്ല. പലിശയുമില്ല, നിക്ഷേപവും ഇല്ല എന്ന അവസ്ഥ. നൂറിൽപ്പരം ആളുകൾ സ്ഥാപനത്തിനെതിരെ വിശ്വാസ വഞ്ചന ആരോപിച്ച് കേസ് കൊടുത്തിട്ടുണ്ട്. കണ്ണൂരിലെ ഭുവൻ രാജും കേസ് കൊടുത്തു.

അത് കൊണ്ടെന്താ, ഒരു കേസ് കൂടിയായി. ഫാഷൻ ഗോൾഡ് എന്ന ജ്വല്ലറി ഉടമ എന്നറിയപ്പെടുന്ന കമറുദ്ദീൻ മുസ്ലീം ലീഗ് നേതാവും മഞ്ചേശ്വരം എം എൽ എയുമാണ്. അടുത്തകാലം വരെ യു ഡി എഫിന്റെ ജില്ലാ കൺവീനറുമായിരുന്നു. തിരഞ്ഞെടുപ്പുകൾ ആസന്നമായിരിക്കുന്ന വേളയിൽ മുന്നണി കൺവീനർ കറപുരണ്ട വ്യക്തിയാകുന്നത് ദോഷം ചെയ്യും എന്ന അങ്കലാപ്പ് വേണ്ടല്ലോ; കൺവീനർ പദവിയിൽ നിന്നും ഒഴിവാക്കി. നിക്ഷേപകർ ആരും തന്നെ ഒട്ടും ബേജാറാകേണ്ടാ, എല്ലാവരുടെയും നിക്ഷേപപ്പണം പലിശയടക്കം തിരിച്ചു തരും;കേസിനൊന്നും പോകേണ്ടാ എന്ന് പാർട്ടിയുടെയും മുന്നണിയുടെയും ഉന്നത നേതാക്കൾ ഉറപ്പു കൊടുത്തിരുന്നു. പാർട്ടിനേതാവ് ബിസിനസ്സ് നടത്തുന്നത് തെറ്റാണോ? ബിസ്സിനസ്സാകുമ്പോൾ ഉയർച്ചയും താഴ്ച്ചയും ഉണ്ടാകും. അത് സ്വാഭാവികം. ഇവിടെ ചെറിയൊരു വീഴ്ച പറ്റിപ്പോയി. ഒരു ജാഗ്രത കുറവ്; ബിസിനസ്സ് പ്രതീക്ഷിച്ചമാതിരി ലാഭകരമായില്ല. അത് കാരണം ഇടപാട് തീർക്കാൻ വൈകിപ്പോയി. ഉടനെ എല്ലാം ശരിയാകും; ആർക്കും ഒരു നഷ്ടവും സംഭവിക്കുകയില്ല. ഇങ്ങനെ ഉറപ്പ് കൊടുത്ത നേതാക്കന്മാർ ഇപ്പോൾ മാറ്റിപ്പറഞ്ഞാലോ? ആവർത്തിച്ച് ഉറപ്പ് കൊടുത്തുകൊണ്ടിരുന്നവർ ശൈലിമാറ്റുന്നു! ഇതാ ഇങ്ങനെ സർക്കാർ സ്വന്തം തെറ്റ് മറച്ചുവെയ്ക്കാൻ, ഒരു തെറ്റും ചെയ്തിട്ടില്ലാത്ത, തികച്ചും നിരപരാധിയായ തനിക്കെതിരെ കേസെടുത്ത് പീഡിപ്പിക്കുന്നു. തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് കേസും അറസ്റ്റും. തികച്ചും രാഷ്ട്രീയ പ്രേരിതം എന്ന കമറുദ്ദീൻ. വിശ്വസ്തരായികണ്ട പൂക്കോയ തങ്ങളും മകനും തന്നെ വഞ്ചിച്ചുവെന്നും കുറ്റാരോപണം ഉയരുമ്പോൾ സ്വയം ന്യായീകരിക്കാൻ എല്ലാവരും-വ്യക്തികളും സംഘടനകളും-ഇതാണ് പറയുക. ഒപ്പം നിൽക്കുന്ന മുന്നണി നേതാക്കളും ഇത് ആവർത്തിക്കുന്നു. ആസന്നമായ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് രാഷ്ട്രീയ പ്രേരിതമായ നടപടിക്കൊരുങ്ങുന്നു സർക്കാർ എന്ന് പ്രതിപക്ഷ നേതാവ് പറയുന്നു. എല്ലാം ശരിയാക്കും; നിക്ഷേപകർക്ക് ഒന്നും നഷ്ടപ്പെടുകയില്ല എന്ന് നേരത്തേ ഉറപ്പു കൊടുത്ത സ്വന്തം പാർട്ടിക്കാരും ഇപ്പോൾ പറയുന്നു, രാഷ്ട്രീയ പ്രേരിതം എം എൽ എയ്ക്കെതിരായ നടപടി എന്ന്. പരാതിയുമായി മുന്നിട്ടിറങ്ങിയവരും കേസു കൊടുത്തവരും ഏത് പാർട്ടിക്കാരാണ്? നേതാക്കളുടെ ഉറപ്പുകളിൽ കബളിപ്പിക്കലിന്റെ ഗന്ധം അനുഭവപ്പെട്ടത് കൊണ്ടല്ലേ, കേസിന് പോയത്? അങ്ങനെ സംശയിക്കാൻ എന്തെങ്കിലും പൂർവ്വാനുഭവങ്ങളുണ്ടായിരിക്കാം അവർക്ക്.

ജ്വല്ലറിയുടെ മറപിടിച്ചുകൊണ്ടുള്ള നിക്ഷേപത്തട്ടിപ്പ് കാസർകോട്ടു മാത്രമല്ല, എന്ന് കേൾക്കുന്നു. ഇതാ, പയ്യന്നൂരിൽ നിന്നും ഒരു വാർത്ത. അമാൻഗോൾഡ് എന്ന് സ്ഥാപനത്തിനെതിരെയാണ് പരാതി ഉയർന്നിട്ടുള്ളത്. സമാനരീതിയിൽ തന്നെ അവിടെയും തട്ടിപ്പ് നടന്നത്. അതിന്റെ ഉടമ നിയമസഭാ സാമാജികൻ അല്ലെങ്കിലും പാർട്ടിയിൽ നല്ല പിടിപാടുള്ള ആളാണത്രേ. കേസെടുക്കുമ്പോൾ പറയാനൊരു ന്യായമുണ്ടാകും. രാഷ്ട്രീയ പകപോക്കൽ എന്ന് പാർട്ടിയുടെ മാനം കാക്കാൻ ഒരെളുപ്പവഴിയുണ്ടല്ലോ: പാർട്ടിക്കാരായ നിക്ഷേപകർ ഒരു ത്യാഗത്തിന് തയ്യാറാകട്ടെ: പരാതി പിൻവലിക്കട്ടെ. ഒന്നും നഷ്ടപ്പെട്ടിട്ടില്ല. ആരും കബളിപ്പിച്ചിട്ടില്ല. എന്ന് പറഞ്ഞാൽ തീരുന്ന കാര്യമേയുള്ളൂ.

പക്ഷേ, പ്രശ്നം അവിടെ നിൽക്കുമോ? ഷഹാറൻപൂരിലെ മതപഠന സ്ഥാപനത്തിന്റെ മുന്നറിയിപ്പ് അവഗണിക്കാമോ? വിശുദ്ധ ഖുർആനിലൂടെ പ്രവാചകൻ പ്രബോധനം നൽകിയ അതേ കാര്യം-പലിശ നിഷിദ്ധം -അവഗണിച്ചതാണ് എല്ലാ ദുർന്നയങ്ങൾക്കും ആദികാരണം എന്നറിയുക. പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപം സ്വീകരിച്ചിട്ട് തിരിച്ചു കൊടുക്കാതെ വഞ്ചിച്ചു എന്നാണല്ലോ പരാതി. വഞ്ചിച്ചവരും വഞ്ചിക്കപ്പെട്ടവരും (അറിഞ്ഞേടത്തോളം വിവരം വെച്ച് പറയുകയാണ്, നിക്ഷേപകരിൽ കൂടുതൽ പേരും) പലിശ നിഷിദ്ധമായി കാണാൻ മതപരമായി ബാധ്യതപ്പെട്ടവരാണ്. ‘ദാറുൽ ഉലൂം’ എന്ന സ്ഥാപനത്തിന്റെ ആധികാരികതയും അധികാരവ്യാപ്തിയും എന്തു തന്നെയായാലും, വിശുദ്ധ ഖുർആൻ ആവർത്തിച്ച് വിലക്കിയിട്ടുള്ള ഒന്നാണ് പലിശ. നോക്കുക: പലിശയും സത്യവിശ്വാസവും ഒരിക്കലും ഇണങ്ങിച്ചേരുകയില്ല (2.278) അല്ലാഹു വിലക്കിയ പലിശ-അത് വാങ്ങുന്നവർ നരകാവകാശികൾ. അവർക്ക് ഒരു കാലത്തും നരകത്തിൽ നിന്നും മോചനമില്ല. (2.275) നിങ്ങൾ സത്യവിശ്വാസിയാണെങ്കിൽ പലിശ വർജ്ജിക്കുക തന്നെ വേണം. (2.278) പലിശ തിന്നവർക്ക് പിശാചിന്റെ ബാധയേറ്റ് കാലുറപ്പിച്ച് നിൽക്കാനാവില്ല. (2.275) ബ്രായ്ക്കറ്റിലുള്ളത് ഖുർആൻ വചനങ്ങളുടെ ക്രമനമ്പറുകളാണ്. അവലംബം: സി എൻ അഹമ്മദ് മൗലവിയുടെ ഖുർ ആൻ പരിഭാഷ, കൂടാതെ ഷെയിക് മുഹമ്മദ് കാരക്കുന്നും വാണീദാസ് എയാവൂരും തയ്യാറാക്കിയ പരിഭാഷയും പിക്താളിന്റെ ആംഗലപരിഭാഷയും ആധാരമാക്കിയിട്ടുണ്ട്. “ഇരട്ടിയ്ക്കിരട്ടിയായി പലിശ വാങ്ങാൻ പാടില്ല” (3.130) ‘ഡബ്ളിംങ് ആന്റ് ക്വാഡ്രപ്ലിങ് ’എന്ന് പിക്താളിന്റെ ആംഗല പരിഭാഷ. ഈ വാക്യത്തിന്റെ ബലത്തിൽ, പലിശ തെറ്റല്ല, അമിത പലിശമാത്രമാണ് നിഷിദ്ധം എന്ന് വ്യാഖ്യാനിക്കുന്ന വരുണ്ട്. മിതവും അമിതവും ആരാണ് നിർണ്ണയിക്കുക? അതുമല്ല, നമ്മുടെ ജ്വല്ലറികൾ നിക്ഷേപകർക്ക് അമിത പലിശയാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് എന്ന് കാണാം. അഹമ്മദ് മൗലവി പ്രസ്തുത വാക്യത്തെ വിശദീകരിച്ചത് ഇങ്ങനെ: മിതമായ പലിശ അനുവദിക്കുന്നു എന്നല്ല ഇതിന് അർത്ഥം. പലിശ വാങ്ങുന്നത് കടുത്ത അനീതിയാണ്. പാവപ്പെട്ടവന്റെ അധ്വാനഫലം പിഴിച്ചെടുക്കുന്ന അന്യായം, അന്യന്റെ മുതൽ അന്യായമായി നേടിയെടുത്ത് അനുഭവിക്കാൻ പാടില്ല. അത് സ്വയം കശാപ്പ് ചെയ്യുന്നതിന് തുല്യമാണ്” (4.29 ) എന്ന വചനം ശ്രദ്ധിക്കുക. അങ്ങനെ ചെയ്യുന്നവർ സത്യവിശ്വാസികളല്ല എന്നും പറയുന്നു.പലിശ മോഹിച്ച് പണം നിക്ഷേപിക്കുന്നവരും തെറ്റ് കാരാണ്. പലിശയിടപാട് നിഷിദ്ധമാണല്ലോ. ‘നരകാഗ്നിജ്വാല ’അടുത്തെത്തിയോ?അതിന്റെ ചൂടല്ലേ നമ്മെയും പൊള്ളിക്കുന്നത്.

> ജ്വല്ലറിയുടെ മറപിടിച്ചുകൊണ്ടുള്ള നിക്ഷേപത്തട്ടിപ്പ് കാസർകോട്ടു മാത്രമല്ല, എന്ന് കേൾക്കുന്നു. ഇതാ, പയ്യന്നൂരിൽ നിന്നും ഒരു വാർത്ത. അമാൻഗോൾഡ് എന്ന സ്ഥാപനത്തിനെതിരെയാണ് പരാതി ഉയർന്നിട്ടുള്ളത്. സമാനരീതിയിൽ തന്നെ അവിടെയും തട്ടിപ്പ് നടന്നത്. അതിന്റെ ഉടമ നിയമസഭാ സാമാജികൻ അല്ലെങ്കിലും പാർട്ടിയിൽ നല്ല പിടിപാടുള്ള ആളാണത്രേ. കേസെടുക്കുമ്പോൾ പറയാനൊരു ന്യായമുണ്ടാകും.

---

# ശിശുദിന വിശേഷങ്ങളും ചരിത്രവും

**ജൂ**ൺ 1 സാർവദേശീയ ശിശുദിനം. 1925 ജൂൺ ഒന്നിന് സ്വിറ്റ്സർലാൻഡിലെ ജനീവയിൽ കുട്ടികളുടെ ക്ഷേമം മുൻനിർത്തി നടന്ന സാർവദേശീയ സമ്മേളനം എല്ലാ ലോകരാജ്യങ്ങളോടും വർഷത്തിൽ ഒരു ദിവസം കുട്ടികൾക്കു വേണ്ടിയുള്ള ദിവസം ശിശുദിനം ആയി ആചരിക്കാൻ ആഹ്വാനം ചെയ്തു.

1949 നവംബർ 22 ന് മോസ്കോവിൽ ചേർന്ന സ്ത്രീകളുടെ സാർവദേശീയ സമ്മേളനം ആണ് യഥാർത്ഥത്തിൽ ജൂൺ 1 ന് സാർവദേശീയ ശിശുദിനമായാചരിക്കാനുള്ള തീരുമാനമെടുത്തത്. 1950 മുതൽ പഴയ സോവിയറ്റ് യൂണിയനും ചൈനയുൾപ്പെടെയുള്ള മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളും ജൂൺ 1 ന് ശിശുദിനം ആചരിക്കാൻ തുടങ്ങി. ചൈനയിൽ ജൂൺ 1 ഒരു പൊതു അവധി ദിവസമാണ്.

സോഷ്യലിസ്റ്റ് രാജ്യങ്ങൾ ജൂൺ 1 ന് ശിശുദിനം ആചരിക്കുമ്പോൾ, യു. എസ്.എ. യിൽ ശിശുദിനാചരണം നടക്കുന്നത് ജൂൺ 2 നാണ്. കുട്ടികൾ ചാച്ചാനെഹ്റു എന്നു വിളിച്ച ജവഹർലാൽ നെഹ്റുവിന്റെ ചരമത്തെത്തുടർന്ന് (1964) ആദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 14 ആണ് നമ്മുടെ രാജ്യത്ത് ഔദ്യോഗികമായി ശിശുദിനം ആചരിക്കുന്നത്.

വ്യത്യസ്ത രാജ്യങ്ങളിൽ വ്യത്യസ്ത ദിവസങ്ങളിൽ ശിശുദിനം ആചരിച്ചു വരവേ, ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ നവംബർ 20 ആണ് സാർവ്വദേശീയതലത്തിൽ ശിശുദിനമായി ആചരിക്കപ്പെട്ടു വരുന്നത്. 1954 ൽ ആണ് യു.എൻ. ശിശുദിനാചരണ രംഗത്തേക്ക് കടന്നുവരുന്നത്. അപ്പോഴും വ്യത്യസ്ത രാജ്യങ്ങൾക്ക് സ്വന്തം ഇഷ്ടമനുസരിച്ചുള്ള ദിവസങ്ങളിൽ ശിശുദിനം ആചരിക്കാമെന്ന് യു.എൻ. തന്നെ അഭിപ്രായപ്പെട്ടിരുന്നു.

കുട്ടികളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ശിശുദിനം ആചരിക്കപ്പെടുന്നത്. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നാണ് ചൂഷിതരും പീഡിതരുമായ മനുഷ്യർക്കു കിട്ടേണ്ട അവകാശങ്ങളെപ്പറ്റി ലോകത്തെ പുരോഗമന ചിന്താഗതിക്കാരായ ജനസമൂഹങ്ങൾ ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയത്. ചൂഷണത്തിനു വിധേയരാകുന്ന ജനങ്ങൾക്ക് നിഷേധിക്കപ്പെടുന്ന എല്ലാ അവകാശങ്ങളും മനുഷ്യാവകാശങ്ങളാണെന്ന ധാരണ വളർന്നു വന്നത് അന്നുമുതൽക്കാണ്. ആ വളർച്ചയിൽ സോവിയറ്റ് യുണിയനും സോഷ്യലിസ്റ്റ് ചേരിക്കുമുള്ള പങ്ക് എടുത്തു പറയേണ്ടിയിരിക്കുന്നു. മനുഷ്യാവകാശങ്ങളുടെ പട്ടികയിൽ കുട്ടികളുടെ അവകാശങ്ങൾ തുടക്കം മുതൽക്കുതന്നെ സ്ഥാനം പിടിക്കുകയും ചെയ്തു.

കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച സാർവദേശീയ നിയമങ്ങളിലൂടെയും പ്രഖ്യാപനങ്ങളിലൂടെയും നമ്മുടെ രാജ്യത്ത് 1950 ൽ നിലവിൽ വന്ന ഭരണഘടനയിലൂടെയും അതനുസരിച്ച് പിൽക്കാലത്ത് പാസ്സാക്കപ്പെട്ട നിയമങ്ങളിലൂടെയും ഒന്നു കണ്ണോടിക്കുന്നത് ശിശുദിനം ആചരിക്കുന്നതിനെപ്പറ്റി ലോകജനത ആലോചിച്ചു തുടങ്ങി ഒരു നൂറ്റാണ്ടു പിന്നിടാൻ ഏഴുവർഷം മാത്രം അവശേഷിക്കുന്ന ഇന്ന് അസ്ഥാനത്താവുമെന്നു തോന്നുന്നില്ല.

### ജനീവാ പ്രഖ്യാപനം

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം 1924 ൽ യുദ്ധത്തിൽ വിജയിച്ച ലോകരാഷ്ട്രങ്ങൾ പുറപ്പെടുവിച്ച ജനീവാ പ്രഖ്യാപനത്തിൽ യുദ്ധത്തെത്തുടർന്നു ദുരിതമനുഭവിക്കുന്ന ജനസമൂഹങ്ങൾ, അഭയാർത്ഥികൾ, തടവുകാർ, കുട്ടികൾ തുടങ്ങിയവരുടെ പരിരക്ഷയ്ക്കായി ഉൾപ്പെടുത്തിയ അഞ്ചു ഖണ്ഡികകൾ കുട്ടികളുടെ അവകാശങ്ങൾക്ക് അടിത്തറയായി പരിണമിച്ചു. അതിനാൽ, 1924 ലെ ജനീവാ പ്രഖ്യാപനത്തെ 'കുട്ടികളുടെ അവകാശങ്ങളുടെ സാർവദേശീയ ഉറവ്' എന്ന് വിശേഷിപ്പിക്കാവുന്നതാണ്. കുട്ടികളുടെ സാർവദേശീയ ഒത്തൊരുമ, കുട്ടികൾക്കിടയിലെ ബോധവൽക്കരണം, കുട്ടികളുടെ ക്ഷേമസങ്കല്പങ്ങൾ എന്നിവയ്ക്ക് അടിത്തറ പാകിയത് 1924 ലെ ജനീവാ പ്രഖ്യാപനമാണ്.

ജൂൺ- 1 : സാർവ്വദേശീയ ശിശുദിനം.

### ബാലാവകാശ പ്രമാണം

1924 ലെ ജനീവാ പ്രഖ്യാപനം മുതൽക്കിങ്ങോട്ടുള്ള എല്ലാ ബാലാവകാശ പ്രഖ്യാപനങ്ങളുടെയും പ്രായോഗിക നിർവഹണം മുൻനിർത്തി 1989 നവംബർ 20ന് ഐക്യരാഷ്ട്ര പൊതുസഭ സമഗ്രമായ ഒരു ബാലാവകാശ പ്രമാണം അംഗീകരിച്ചു. ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ പ്രതിനിധികൾ കൂടി പങ്കെടുത്തതായിരുന്നു ഈ സമ്മേളനം. 1990 നവംബർ 20 ന് കുട്ടികളുടെ സാർവദേശീയ പ്രമാണമായ ഇത് നിലവിൽ വന്നു. 1992 ൽ ഈ പ്രമാണം അംഗീകരിച്ച് ഇന്ത്യ അതിനോടുള്ള പ്രതിബദ്ധത വ്യക്തമാക്കി.

കുട്ടികളുടെ പത്ത് അവകാശങ്ങളാണ് ഈ പ്രമാണം അംഗീകരിച്ചിട്ടുള്ളത്. (1) പേരിനും ദേശീയതയ്ക്കും,(2) സുരക്ഷയ്ക്ക്, (3) പൂർണ്ണമായ വ്യക്തിത്വവികാസത്തിന്, (4) സ്നേഹപൂർണ്ണമായ രക്ഷാകർതൃത്വത്തിന്, (5) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക പരിഗണനയ്ക്ക്, (6) നിർബന്ധവും സൗജന്യവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിന്, (7) സുരക്ഷയിലും ക്ഷേമത്തിലും പ്രഥമപരിഗണനയ്ക്ക്, (8) വിവേചനങ്ങളിൽ നിന്നുള്ള പരിരക്ഷണത്തിന്. (9) അവഗണനകളിൽ നിന്നുള്ള സംരക്ഷണത്തിന്. (10) ഈ അവകാശങ്ങൾ സംരക്ഷിക്കാൻ നിയമ നടപടികൾ സ്വീകരിക്കുന്നതിന് എന്നിവയ്ക്കുള്ള അവകാശങ്ങളാണ് ഇവ. ഇതിനിടെ 1986 ൽ കുട്ടികൾക്കുവേണ്ടി വിളിച്ചുകൂട്ടിയ സാർക്ക് രാജ്യങ്ങളുടെ കൺവൻഷനെ തുടർന്ന് 1990 ൽ കൂടിയ ലോക ഉച്ചകോടി പ്രസ്തുത വർഷം പെൺകുട്ടികളുടെ വർഷമായും 1991 മുതൽക്കുള്ള ഒരു ദശകക്കാലം പെൺകുട്ടികളുടെ ദശകമായും പ്രഖ്യാപിച്ചു. 1989 ൽ ഐക്യരാഷ്ട്ര ജനറൽ അസംബ്ലി ബാലാവകാശ പ്രമാണം അംഗീകരിച്ചതിനുശേഷം 1995 ൽ ബീജിംഗിൽ ചേർന്ന ലോക വനിതാ സമ്മേളനം നടത്തിയ പ്രഖ്യാപനം പെൺകുട്ടികൾക്ക് എല്ലാത്തരം വിവേചനങ്ങളിൽനിന്നുമുള്ള സംരക്ഷണം ഉറപ്പുചെയ്യുന്നു.